I/45085/2023

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- ആ.വ.ഡ-ജീവനക്കാര്യം-സ്പെഷ്യാലിറ്റി കേഡർ- ജൂനിയർ കൺസൾട്ടന്റ് തസ്തികയിലേക്കു സ്ഥാനം നൽകിയ നിയമന ഉത്തരവ് റദ്ദു ചെയ്ത് അസിസ്റ്റൻറ് സർജൻ തസ്തികയിലേക്ക് നിയമനം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. Order No. EA1-157/2018/DHS dated 11.10.2022
2. G.O(Rt) No. 982/2023/H&FWD dated 26.04.2023
3. Endt. No. EB6-213194/2023/DHS dated 04.05.2023

**ഉത്തരവ് നം. ഇ.എ1-6726/2023/ആ.വ.ഡ തീയതി : 11-05-2023**

ആരോഗ്യ വകുപ്പിൽ അസിസ്റ്റൻറ് സർജനായിരിക്കേ പി.ജി പഠനത്തിനായി ശൂന്യവേതനാവധിയിൽ പ്രവേശിച്ച ഡോ.നിഷ നാമിയയ്ക്ക് പരാമർശം (1) ലെ ഉത്തരവ് പ്രകാരം ഓഫ്താൽമോളജി വിഭാഗം ജൂനിയർ കൺസൾട്ടൻറായി സ്ഥാനം നൽകി ഉപരിപഠനാർത്ഥമുള്ള ശൂന്യ വേതന അവധിയിൽ തുടരാൻ അനുവാദം നൽകി ഉത്തരവായിരുന്നു. ടിയാരിയുടെ ആരോഗ്യസ്ഥിതി മോശമായതിനാൽ DNB Course തുടരാൻ കഴിയില്ല എന്നറിയിച്ച് കൊണ്ട് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഉപരിപഠനം അവസാനിപ്പിച്ച് തിരികെ ആരോഗ്യവകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്നതിന് അനുവാദം നൽകി പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ടിയാരിയ്ക്ക് ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിക്കാൻ കഴിയില്ല എന്നും അസിസ്റ്റന്റ് സർജൻ തസ്തികയിൽ നിയമനം നൽകണമെന്നും ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം ലഭ്യമാക്കിയിരുന്നു.

മേൽ സാഹചര്യത്തിൽ ടിയാരിയ്ക്ക് ഓഫ്താൽമോളജി വിഭാഗം ജൂനിയർ കൺസൾട്ടൻറായി സ്ഥാനം നൽകിയ പ്രസ്തുത നിയമനം റദ്ദു ചെയ്ത് അസിസ്റ്റൻറ് സർജൻ തസ്തികയിലേക്ക് മാറ്റി നിയമിച്ച് ഉത്തരവാകുന്നു. (അസിസ്റ്റൻറ് സർജൻ തസ്തികയിലെ നിയമന ഉത്തരവ് പ്രത്യേകം നൽകുന്നതാണ്).

മെഡിക്കൽ ആഫീസറും സ്ഥാപന മേധാവികളും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിൻറെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

Signed by
Reena K J
Date: 11-05-2023 20:34:37

ഡോ.റീന.കെ.ജെ
ആരോഗ്യ വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ഡോ.നിഷ നാമിയ, ജൂനിയർ കൺസൾട്ടന്റ് (ഓഫ്താൽമോളജി)

പകർപ്പ് :
1. അക്കൗണ്ടൻറ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ
3. ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർ
4. ഇ.എ2 സെക്ഷൻ (പ്രസ്തുത ഡോക്ടർക്ക് നിയമനം നൽകുന്നതിലേയ്ക്കായി)
5. ഫയൽ/ കരുതൽ ഫയൽ